# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1690 | 03/05/2017-ൽ മറുപടിക്ക്

## എച്ച് 1 എൻ 1 പനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് എച്ച് 1 എൻ 1 പനി വ്യാപിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധനക്കയച്ച തൊണ്ട സ്രവങ്ങളിൽ എത്ര ശതമാനത്തോളം പോസിറ്റീവ് ആയി കണ്ടെത്തിയിട്ടുണ്ട്; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27% |
| ബി) | 2016 ൽ എത്ര പേർക്ക് രോഗം കണ്ടെത്തിയെന്നും എത്ര പേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ; | ബി ) | 23 പേർക്ക് രോഗം കണ്ടെത്തി, ഒരു മരണവും സംഭവിച്ചിട്ടുണ്ട്. |
| സി) | എച്ച് 1 എൻ 1 ന്റെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ? | സി) | 2017 വർഷത്തിന്റെ തുടക്കത്തിൽ ആദ്യത്തെ 2 മാസങ്ങളിൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എച്ച്1 എൻ1 ന്റെ ഒരു നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നേരിട്ടും, അവലോകന യോഗങ്ങളിലുമായി നൽകി. ഇതിനായി ജില്ലകളിൽ, ജില്ലാ പര്യവേക്ഷണ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. ആരോഗ്യവകുപ്പ് ഡയറക്ടർ ഈ കാലയളവിൽ 2 തവണകളായി ജനങ്ങൾക്കും ഡോക്ടർമാർക്കും വേണ്ടി ജാഗ്രതാ പത്രകുറിപ്പുകൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സയ്ക്ക് ആവശ്യമായ ഒസൽറ്റാമിവിർ (OSELTAMIVIR) മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ആശുപത്രികളിലും കെ.എം.എസ്.സി.എൽ വഴിയും ഉള്ള നടപടികൾ സ്വീകരിച്ചു. |

ചികിത്സ നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗ രേഖകൾ എല്ലാ മാർഗ്ഗങ്ങളിൽ കൂടെയും പുനർ വിതരണം നടത്തുകയും ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈററുകളിൽ പ്രസിദ്ധീ-കരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി മുതലായ ചികിത്സാ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ, ഐ.സി സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രോഗത്തിന്റെ സ്ഥിതി നിലവാരവും സംസ്ഥാനത്തെ അവസ്ഥയും ദൈനംദിനമായി വിലയിരുത്താൻ വേണ്ട അധിക നിർദ്ദേശങ്ങൾ പരിഗണിക്കാനും എച്ച്1 എൻ1 സംസ്ഥാന കൺട്രോൾ റൂം ദിവസവും പ്രവർത്തിച്ചുവരുന്നു.

ഗർഭിണികൾക്കുള്ള പ്രത്യേക ഹൈറിസ്ക് പരിഗണിച്ചുകൊണ്ട് അവരെ ആഴ്ചയിൽ 3 തവണ അവരുടെ ആരോഗ്യം വിലയിരുത്താനും വേണ്ടി-വന്നാൽ അടിയന്തര ചികിത്സ നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ ഇതിനു പുറമെ നൽകിയിട്ടുണ്ട്.

ജനങ്ങൾക്കുള്ള സംശയ നിവാരണത്തിനും സേവന സഹായങ്ങൾക്കും വേണ്ടി "ദിശ" എന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ് കോൾ സെന്റർ (0471 – 2552056 അല്ലെങ്കിൽ 1056 ടോൾഫ്രീ) വഴി സംവിധാനങ്ങൾ നിലവിൽ വരുത്തി.

എച്ച്1 എൻ1 ചികിത്സ നൽകാൻ ആവശ്യമുള്ള പുനർ പരിശീലനം ഡോക്ടർമാർക്ക് ജില്ലാ മെഡിക്കൽ ആഫീസർ തലത്തിലും പരിഭ്രാന്തി കൂടാതെ കാര്യക്ഷമമായി ഈ അവസ്ഥ നേരിടാൻ ആവശ്യമായ അറിവ് ജനങ്ങൾക്ക് നൽകാൻ ടി.വി., റേഡിയോ, പത്രമാധ്യമങ്ങളിൽ കൂടിയുള്ള ബോധ-വൽക്കരണ പരിപാടികളും നടത്തി-

വരുന്നു. വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് എച്ച്1 എൻ1 കൂടുതൽ വരുവാൻ സാഹചര്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**